# കേരള സർക്കാർ

## പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

നം.ജി3/138/2019/പൊവിവ

തിരുവനന്തപുരം
തീയതി,29/03/2019

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ് - പൊവിവ- കൊടും ചൂടും അതിവരൾച്ചയും - മധ്യവേനലവധി കാലത്ത് സ്കൂളുകളിൽ ക്ലാസ്സുകൾ നടത്തരുതെന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു - സംബന്ധിച്ച്.

സൂചന: 1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 29.03.2019 തീയ്യതിയിലെ നം.കത്ത്
2. ബഹു. ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 24/02/2018 ലെ ഉത്തരവ് സി.ആർ.എം.പി. നമ്പർ 4692/09/എൽ.എ 2/2017

കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായംVII, ചട്ടം1 പ്രകാരം, പൊതുവിദ്യാഭ്യാസ ഡയറക്ടർ മറ്റു തരത്തിൽ ഉത്തരവ് പുറപ്പെടുവിക്കാത്തപക്ഷം സംസ്ഥാനത്തെ സ്കൂളുകൾ മാർച്ച് മാസത്തെ അവസാന പ്രവൃത്തി ദിനത്തിൽ അടയ്ക്കേണ്ടതും, ജൂൺ മാസത്തെ ആദ്യ പ്രവൃത്തിദിനത്തിൽ തുറന്നു പ്രവർത്തിക്കേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നു.

സംസ്ഥാനത്ത് അനുഭവപ്പെടുന്ന അത്യുഷ്ണത്തിന്റെയും അതിവരൾച്ചയുടെയും പശ്ചാത്തലത്തിൽ ദുരന്തനിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഏപ്രിൽ-മെയ് മാസങ്ങളിൽ അനുഭവപ്പെടുന്ന കടുത്ത ചൂടും ജലക്ഷാമവും നമ്മുടെ കുട്ടികൾക്ക് നിരവധി ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കും. മുൻ വർഷങ്ങളിൽ ചില സ്കൂളുകളിൽ അവധിക്കാല ക്ലാസ്സുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി ബഹു. ബാലാവകാശ സംരക്ഷണ കമ്മീഷന് പരാതികൾ ലഭിച്ചതിനെ തുടർന്ന് അവധിക്കാല ക്ലാസ്സുകൾ ഒഴിവാക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞുകൊണ്ട് നിരോധന നടപടികൾ സ്വീകരിക്കുവാൻ കമ്മീഷൻ സൂചന (2)ലെ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

മേൽസാഹചര്യത്തിൽ സി.ബി.എസ്.ഇ, സി.ഐ.എസ്.സി.ഇ. തുടങ്ങിയ ബോർഡുകളുടെ പാഠ്യപദ്ധതികൾ പിൻതുടരുന്ന സ്കൂളുകൾ , ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്/എയ്ഡഡ്/അൺഎയ്ഡഡ് ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലും മധ്യവേനലവധിക്കാലത്ത് ക്ലാസുകൾ നടത്തരുതെന്ന് ബന്ധപ്പെട്ട എല്ലാ പ്രഥമാധ്യാപകർക്കും പ്രിൻസിപ്പൽമാർക്കും സ്കൂൾ മാനേജർമാർക്കും ഇതിനാൽ കർശനനിർദ്ദേശം നൽകുന്നു.

എന്നാൽ, മധ്യവേനലവധിക്കാലത്ത് സ്കൂളുകളിൽ കുട്ടികൾക്കുവേണ്ടിയുള്ള ക്യാമ്പുകൾ, ശില്പശാലകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിന് അനുവാദം നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷകൾ ലഭിക്കുന്നുണ്ട്. ഒരു മധ്യവേനലവധിക്കാലത്ത് പരമാവധി 10 ദിവസം എന്ന് നിജപ്പെടുത്തി ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസറിൽനിന്ന് മുൻകൂർ അനുമതി വാങ്ങിയതിനുശേഷം വെക്കേഷൻ ക്യാമ്പുകൾ നടത്താവുന്നതാണ്. അനുമതി നൽകുന്ന ഓഫീസർ ക്യാമ്പ് നടക്കുന്ന സ്കൂൾ നേരിട്ട് സന്ദർശിച്ച് ക്യാമ്പുകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ആവശ്യമായ ശുദ്ധജലം, ഭക്ഷണം, ഫാൻ, ടോയ് ലറ്റ്, പ്രഥമശുശ്രൂഷാസൗകര്യം ഉൾപ്പെടെയുള്ള ആവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും ഒരുക്കിയിട്ടുണ്ടെന്ന് പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരം ക്യാമ്പുകൾ സംഘടിപ്പിക്കുമ്പോൾ കുട്ടികൾക്ക് വേനൽച്ചൂടിന്റെ ആഘാതം ഉണ്ടാകാതെ സൂക്ഷിക്കാൻ സ്കൂൾ അധികൃതരും ക്യാമ്പ് സംഘാടകരും സവിശേഷ ശ്രദ്ധ പുലർത്തണം.

Scanned by CamScanner

ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതും ലംഘനമെന്തെങ്കിലും ശ്രദ്ധയിൽപെട്ടാൽ ഉത്തരവാദികളായവർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

എ. ഷാജഹാൻ
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
റീജിയണൽ ഡയറക്ടർ, സി.ബി.എസ്.ഇ, ബ്ലോക്ക്. ബി. രണ്ടാം നില, എൽ.ഐ.സി ഡിവിഷണൽ ഓഫീസ് ക്യാമ്പസ് പട്ടം, തിരുവനന്തപുരം-695004.
എ. എസ്. ഐ .എസ്.സി (ASISC), സർവ്വോദയ വിദ്യാലയ, നാലാഞ്ചിറ, തിരുവനന്തപുരം.
ഐ&പി.ആർ.ഡി(വെബ്&ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ~~ബഹു~~ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസിന്
സെക്രട്ടറിയുടെ പി.എയ്ക്ക്.
സ്പെഷ്യൽ സെക്രട്ടറിയുടെ സി.എയ്ക്ക്.
കൈറ്റ് , തിരുവനന്തപുരം (വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

പൊ.വി. കത്ത് നമ്പർ എച്ച്4/12187/19/ഡി.പി.ഐ. തീയതി 30-3-2019

സർക്കുലറിന്റെ പകർപ്പ് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെയും ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും അറിവിലേക്കും അനന്തര നടപടികൾക്കുമായി അയക്കുന്നു. സർക്കുലറിലെ നിർദ്ദേശം കർശനമായും പാലിക്കപ്പെടുന്നുണ്ടെന്ന് വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

ജെസ്സി ജോസഫ്
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം-14.

സ്വീകർത്താക്കൾ
1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ AEO/DEO മാർക്കും
3) എല്ലാ പ്രധാനാധ്യാപകർക്കും (ഡി. ഓഫീസർ മുഖാന്തരം)

പകർപ്പ്
എക്സി. ഡയറക്ടർ & വൈസ് ചെയർമാൻ, കൈറ്റ്, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

Scanned by CamScanner